II ഇ. ബി. XIV - കേരള നിയമസഭ/XIII- 12

# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഡിസംബർ 13, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്ന് പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും തുടർന്ന് ചോദ്യോത്തരവേള ബഹിഷ്കരിക്കുകയും ചെയ്തു.)

(ചോദ്യകർത്താക്കൾ ചോദ്യം ഉന്നയിക്കാത്തതിനാൽ ക്ലബ് ചെയ്ത *331, *348 എന്നീ നമ്പർ ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

18(*332) <u>കായിക താരങ്ങൾക്ക് പ്രോത്സാഹനം</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, മികച്ച കായിക താരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും വിദഗ്ധ പരിശീലനം നൽകുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 2020, 2024-ലെ ഒളിമ്പിക്സിലും രാജ്യാന്തര മത്സരങ്ങളിലും മെഡൽ കരസ്ഥമാക്കുന്നതിനായി 11 ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള വിദഗ്ധ പരിശീലനം ലഭ്യമാക്കുന്നതിനായി ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പിനായി ഭിന്നശേഷിയുള്ള ഒരു കായികതാരത്തെ പരിഗണിക്കുന്നുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം 14 മുതൽ 19 വയസ്സുവരെയുള്ള 11 കായിക താരങ്ങൾക്ക് 10,000/- രൂപയും എലൈറ്റ് സ്കീമിലൂടെ സ്പോർട്സ് അക്കാഡമികളിലെയും കോച്ചിംഗ് സെന്ററുകളിലെയും ഡേ ബോർഡിംഗ് സെന്ററുകളിലെയും കായികതാരങ്ങൾക്ക് പ്രതിമാസം 6000 രൂപ വീതം നൽകുന്നതോടൊപ്പം സ്പോർട്സ് കിറ്റും ചികിത്സാ ധനസഹായവും അനുവദിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പോഷകാഹാരത്തിലൂടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി 2800 കുട്ടികൾക്ക് പ്രതിമാസം 6000 രൂപ വീതം നൽകുന്ന പദ്ധതി

വ്യാപിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ഓരോ കായിക ഇനത്തിനും പ്രത്യേക ടീം രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഫുട്ബോളിൽ പരിശീലനം നൽകുന്നതിനായി യു.കെ.യിലെ ചെൽസിയ ക്ലബിലെ കായിക താരങ്ങളെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 9 വയസ്സിനും 12 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിനായി കിക്ക്ഓഫ് പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും വനിതാ ഫുട്ബോൾ ടീം ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് അർഹമായ കാഷ് അവാർഡും ജി.വി. രാജ അവാർഡും നൽകുന്നുണ്ട്. 50 മികച്ച കായികതാരങ്ങൾക്ക് വർഷംതോറും സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ടെന്നും മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിൽ മെഡൽ കരസ്ഥമാക്കിയവർക്ക് എൽ.ഡി. ക്ലാർക്ക്, ഹവിൽദാർ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ടെന്നും സന്തോഷ് ട്രോഫി ഫുട്ബോൾ ജേതാക്കളായ 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയ കുമാരി പി.യു. ചിത്രയ്ക്ക് പ്രതിമാസം 25,000/- രൂപ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയിലൂടെ ഭവനരഹിതരായ കായികതാരങ്ങൾക്ക്

വീട് ലഭ്യമാകുന്നതാണ്. സ്കൂൾ കായിക മേളയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതോടൊപ്പം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് കാഷ് അവാർഡും റെക്കോർഡുകൾ കരസ്ഥമാക്കുന്നവർക്ക് സ്വർണ്ണ പതക്കവും നൽകുന്നുണ്ട്. കുടിശ്ശികയായിരുന്ന മുഴുവൻ കാഷ് അവാർഡ് തുകയും വിതരണം ചെയ്തിട്ടുണ്ട്. സ്പോർട്സ് കൗൺസിലുകളുടെ ഘടനയും പ്രവർത്തനവും ജനാധിപത്യവത്കരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് മുതൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ വരെയുള്ള ഭരണ സംവിധാനം തെരഞ്ഞെടുപ്പ് നടത്തി പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കേരള സ്പോർട്സ് (ഭേദഗതി) നിയമം നിലവിൽ വരുന്നതോടുകൂടി സംസ്ഥാന-ജില്ലാ-കോർപ്പറേഷൻ-മുനിസിപ്പാലിറ്റി-പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. 37 ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നും പഞ്ചായത്തുകളിൽ കളിസ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണെന്നും നിയമനിർമ്മാണത്തിന്റെ ആവശ്യകതയും കളിക്കളം ചാത്തന്നൂർ പ്രോജക്ടിനാവശ്യമായ ധനസഹായം നൽകുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും സ്പോർട്സ് അസോസിയേഷനുകളിലെ അരാജകത്വ പ്രവണതകൾക്കെതിരെ ശക്തമായ നടപടി

സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. തൃശ്ശൂർ ജില്ലയിൽ ആധുനിക സൗകര്യങ്ങളുള്ള ആയുർവ്വേദ സ്പോർട്സ് ഹോസ്പിറ്റൽ പ്രവർത്തനസജ്ജമായിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി അറിയിച്ചു.

19(*333) <u>കേന്ദ്ര വൈദ്യുതി (ഭേദഗതി) ബിൽ 2018</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, കേന്ദ്ര വൈദ്യുതി (ഭേദഗതി) ബിൽ, 2018 നിലവിൽ വരുന്നതോടുകൂടി വൈദ്യുതി രംഗം പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിനും സംസ്ഥാനങ്ങളുടെ അധികാരം ഇല്ലാതാകുന്നതിനുമിടയാക്കുമെന്ന് സഭയെ അറിയിച്ചു. നിർദ്ദിഷ്ട ഭേദഗതി ബിൽ വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിക്കുന്നതിനും ലാഭ സാധ്യത ഏറെയുള്ള വൈദ്യുതി വിതരണ രംഗത്തേയ്ക്ക് യാതൊരു മുതൽമുടക്കുമില്ലാതെ സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും അവസരമൊരുക്കുന്നതാണ്. ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കുകയും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം നടപ്പാക്കുകയും ചെയ്യുന്നതിലൂടെ ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധനവുണ്ടാകുമെന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് വൈദ്യുതി അപ്രാപ്യമാകുമെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര നിയമത്തെ മറികടക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന് നിയമം

പാസ്സാക്കാൻ സാദ്ധ്യമല്ല. നിർദ്ദിഷ്ട ഭേദഗതി ബില്ലിനെതിരെ യോജിച്ച് പ്രവർത്തിക്കണമെന്നും ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡ് മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് കത്തയച്ചിട്ടുണ്ടെന്നും പ്രതിഷേധവും അഭിപ്രായവ്യത്യാസവും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്നും ബില്ലിനെതിരെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20(*334) ആരാധനാലയങ്ങളുടെ പരിസരത്ത് ആയുധ പരിശീലനം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ആരാധനാലയങ്ങൾ ആയുധ പരിശീലനത്തിനോ രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് തടയാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകുന്നുണ്ടെന്നും ഇത്തരം പ്രവൃത്തികൾ നിരോധിക്കുന്നതിനായി 1950-ലെ TCHRI (Travancore Cochin Hindu Religious Institution) നിയമത്തിൽ ഭേദഗതി വരുത്താൻ ആലോചിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ക്ഷേത്രപരിസരം ആയുധ പരിശീലനത്തിനായി ഉപയോഗിക്കുന്നത് പോലീസ് ആക്ടിലെ 73-ാം വകുപ്പുപ്രകാരം നിയന്ത്രിക്കുകയും എല്ലാവിധ കായിക പരിശീലനങ്ങളും നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വർഗ്ഗീയ പ്രചരണം

തടയുന്നതിനായി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4110 മുതൽ 4370 വരെയുള്ള ചോദ്യങ്ങളിൽ 120 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)